# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### തൃശ്ശൂർ ജില്ലയിലെ വിവിധ ആശുപത്രികളിലെ ഒഴിവുകൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4009 — 26.6.2013 - ൽ മറുപടിയ്ക്ക്

ചോദ്യം — മറുപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | തൃശ്ശൂർ ജില്ലയിൽ മെഡിക്കൽ കോളേജുകൾ, ജില്ലാആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, മറ്റ് വിവിധ സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽ 2013 മെയ് 31 വരെ ഡോക്ടർമാരുൾപ്പെടെ എത്ര ജീവനക്കാരുടെ ഒഴിവുകളുണ്ടായിരുന്നു; | എ) | 1.തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 2013 മെയ് 31 വരെ വിവിധ തസ്തികകളിലായി 224 ഒഴിവുകളുണ്ട്.<br>2. തൃശ്ശൂർ ജില്ലയിൽ ആരോഗ്യ വകുപ്പിനു കീഴിലുള്ള വിവിധ ആശുപത്രികളിലായി 2013 മെയ് 31 വരെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സിവിൽ സർജൻ | 17 |
| 2 | അസിസ്റ്റന്റ് സർജൻ | 10 |
| 3 | സ്പെഷ്യാലിറ്റി കേഡർ | 33 |
| 4 | സ്റ്റാഫ് നഴ്സ് | 24 |
| 5 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 | 27 |
| 6 | പബ്ലിക് ഹെൽത്ത് നഴ്സ് | 7 |
| 7 | പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർ വൈസർ | 2 |
| 8 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 | 13 |
| 9 | നഴ്സിംഗ് അസിസ്റ്റന്റ് | 9 |
| 10 | ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേ. 1 | 2 |
| 11 | ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേ. 2 | 9 |
| 12 | ഡെന്റൽ ഹൈജീനിസ്റ്റ് | 1 |
| 13 | പാർട്ട് ടൈം സ്വീപ്പർ | 31 |

| | | | |
|---|---|---|---|
| | | | 3. 2013 മെയ് 31 വരെ തൃശ്ശൂർ ജില്ലയിലെ ഹോമിയോപ്പതി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒഴിവ് വിവരം ചുവടെ ചേർക്കുന്നു.<br>1. ചീഫ് മെഡിക്കലാഫീസർ - 4<br>2. മെഡിക്കലാഫീസർ - 1<br>3. ഫാർമസിസ്റ്റ് - 13<br>4. അറ്റൻഡർ/നേഴ്സിംഗ് അസിസ്റ്റന്റ് - 3<br>4. 2013 മെയ് 31 വരെ തൃശ്ശൂർ ജില്ലയിലെ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലേയും ഡിസ്പെൻസറികളിലേയും ഒഴിവുകൾ താഴെ പറയും പ്രകാരമാണ്.<br>1. മെഡിക്കൽ ആഫീസർ (വിഷ) - 3<br>2. ഫാർമസിസ്റ്റ് - 11<br>3. പാർട്ട്ടൈം സ്വീപ്പർ - 10<br>4. ക്ലർക്ക് - 3<br>5. ഫുൾടൈം സ്വീപ്പർ - 2<br>6. സാനിട്ടേഷൻ വർക്കർ - 9<br>7. നേഴ്സിംഗ് അസിസ്റ്റന്റ് - 16<br>8. ഫാർമസിസ്റ്റ് അറ്റൻഡർ - 4<br>9. അറ്റൻഡർ - 28 |
| ബി) | ഒഴിവുകൾ എല്ലാം നികത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | ബി) | 1. തൃശ്ശൂർ മെഡിക്കൽ കോളേജിൽ എല്ലാ ഒഴിവുകളും നികത്തിയിട്ടില്ല. പി.എസ്.സി മുഖാന്തിരം നിയമനം നടത്തേണ്ട ഒഴിവുകൾ പി.എസ്.സി.ക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തേണ്ടവ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>2. ആരോഗ്യ വകുപ്പിന്റെ വിവിധ ആശുപത്രികളിലായി സിവിൽ സർജന്റെ 17 ഒഴിവുകളുള്ളതിൽ 7 എണ്ണത്തിലേയ്ക്ക് നിയമനം നടത്തുവാൻ വേണ്ടിയുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. ബാക്കി ഒഴിവുള്ള സിവിൽ സർജൻ / അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകളിലേയ്ക്ക് പി.ജി. പഠനം പൂർത്തിയാക്കി സർവ്വീസിലേയ്ക്ക് മടങ്ങി വരുന്ന ഡോക്ടർമാരെ നിയമിച്ച് ടി തസ്തികകൾ നികത്തുന്നതാണ്. സ്പെഷ്യാലിറ്റി കേഡറിലുള്ള ഒഴിവുകൾ നികത്തുന്നതിന് വേണ്ടി യോഗ്യതയുള്ള |

| | | | |
|---|---|---|---|
| | | | ഉദ്യോഗാർത്ഥികളിൽ നിന്നും താൽക്കാലിക ഓപ്ഷൻ വാങ്ങി നിയമനം നൽകുവാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റാഫ് നേഴ്സിന്റെ 15 ഒഴിവുകളിലേയ്ക്ക് മറ്റ് ജില്ലകളിൽ നിന്നും സ്ഥലം മാറ്റത്തിലൂടെ നിയമനം നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകളിൽ ഗവ. നഴ്സിംഗ് സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികളെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. എൽ.ഡി. ക്ലാർക്കിന്റെ 6 ഒഴിവുകളും ആശ്രിത നിയമനം വഴി നികത്തുന്നതിനായി നടപടി സ്വീകരിച്ചു. മറ്റ് തസ്തികകളിൽ നിയമനം നൽകുന്നതിനായി ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>3. ഹോമിയോപ്പതി വകുപ്പിൽ താഴെപ്പറയുന്ന ഒഴിവുകൾ ഒഴികെ ബാക്കിയെല്ലാം നികത്തിയിട്ടുണ്ട്.<br>1. ചീഫ് മെഡിക്കലാഫീസർ - 1<br>2. ഫാർമസിസ്റ്റ് - 12<br>3. അറ്റൻഡർ/നേഴ്സിംഗ് അസിസ്റ്റന്റ് - 3<br>4. ഭാരതീയ ചികിത്സാ വകുപ്പിൽ മെഡിക്കൽ ആഫീസർ (വിഷ) ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് എല്ലാ തസ്തികകളിലേയും ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും താത്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിലും നിയമനം നടത്തിയിട്ടുണ്ട്. |
| സി) | ഈ ആശുപത്രികളിൽ വിവിധ തസ്തികകളിൽ ദിവസക്കൂലിക്ക് ആളുകളെ നിയമിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | സി) | ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. <u>മെഡിക്കൽ കോളേജ്</u><br>ടെലിഫോൺ ഓപ്പറേറ്റർ - 1<br>ജൂനിയർ ലാബ് അസിസ്റ്റന്റ് - 8<br>ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II - 18<br>2. <u>ആരോഗ്യ വകുപ്പ്</u><br>ഡോക്ടർമാർ - 7<br>ജെ.എച്ച്.ഐ ഗ്രേഡ് II - 30 പേരെ |

| | | | |
|---|---|---|---|
| | | | താൽക്കാലികമായി നിയമിച്ചതിൽ 6 പേർ ജോലിയിൽ നിന്ന് വിട്ടുപോയി. നിലവിൽ 24 പേർ ജോലിയിൽ തുടരുന്നു.<br>3. <u>ഹോമിയോപ്പതി</u><br>ചീഫ് മെഡിക്കലാഫീസറുടെ ഒരു ഒഴിവിലും ഫാർമസിസ്റ്റിന്റെ 7 ഒഴിവുകളിലും ദിവസ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്<br>4. <u>ഭാരതീയ ചികിത്സാ വകുപ്പ്</u><br>മെഡിക്കലാഫീസർ (വിഷ) തസ്തിക ഒഴിച്ച് ബാക്കി എല്ലാ തസ്തികകളിലും ദിവസക്കൂലിക്ക് ആളുകളെ നിയമിച്ചിട്ടുണ്ട്.<br>ഫാർമസിസ്റ്റ് - 6<br>നേഴ്സിംഗ് അസിസ്റ്റന്റ് - 16<br>ഫാർമസിസ്ററ് അറ്റന്റർ - 4<br>കുക്ക് - 3<br>അറ്റന്റർ - 28<br>ഫുൾടൈം സ്വീപ്പർ - 2<br>സാനിട്ടേഷൻ വർക്കർ - 9<br>പാർട്ട് ടൈം സ്വീപ്പർ - 10 |
| ഡി) | പകർച്ചപ്പനി ഉൾപ്പടെയുള്ള രോഗങ്ങൾ പടരുന്ന സാഹചര്യത്തിൽ ആശുപത്രികളിലെ ഒഴിവുകൾ പൂർണ്ണമായും നികത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുമോ? | ഡി) | പകർച്ചപ്പനി ഉൾപ്പെടെയുള്ള രോഗങ്ങൾ പടരുന്ന സാഹചര്യത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ അനുവദനീയമായ തസ്തികകൾക്ക് പുറമേ ഡോക്ടർമാർ, ടെക്നീഷ്യന്മാർ, നഴ്സുമാർ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 എന്നീ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നാലു മാസത്തേയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്. സ്ഥിരം തസ്തികകൾ പൂർണ്ണമായും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.<br>ഹോമിയോപ്പതി വകുപ്പിൽ ഒരു നേഴ്സിംഗ് അസിസ്റ്റന്റിന്റെ തസ്തിക ഒഴികെ ബാക്കിയെല്ലാം നികത്തിയിട്ടുണ്ട്.<br>ഭാരതീയ ചികിത്സാ വകുപ്പിൽ മെഡിക്കലാഫീസർ (വിഷ) തസ്തിക ഒഴിച്ച് ബാക്കി എല്ലാ തസ്തികകളിലും |

| | | | |
|---|---|---|---|
| | | | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ദിവസവേതനാടിസ്ഥാനത്തിലും ആളുകളെ നിയമിച്ച് ഒഴിവുകൾ പൂർണ്ണമായും നികത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ